## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3477 | 20.06.2018 ൽ മറുപടിക്ക്

### എടപ്പാൾ തിയേറ്ററിലെ പീഡനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അനിൽ അക്കര<br>ശ്രീ.വി.പി.സജീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) എടപ്പാൾ തിയേറ്ററിലെ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ പീഢനം തെളിവ് സഹിതം നിയമസംവിധാനത്തിന് മുമ്പാകെ കൊണ്ടുവന്ന തിയേറ്റർ ഉടമ സതീശനെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ടിയാനെതിരെ ചുമത്തിയിട്ടുള്ള കുറ്റങ്ങൾ എന്തൊക്കെയാണ്; ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) പോലീസ് നിയമവിരുദ്ധമായി ഒതുക്കി വയ്ക്കുവാൻ ശ്രമിച്ച വിവരങ്ങൾ നിയമത്തിന്റെ മുന്നിലെത്തിച്ച തിയേറ്റർ ഉടമയോടുള്ള വൈരാഗ്യമാണ് പോലീസ് നടപടിയെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പീഢനകേസ് തെളിവ് സഹിതം നിയമസംവിധാനത്തിന് മുന്നിൽ കൊണ്ടുവന്ന വ്യക്തിയെ അറസ്റ്റ് ചെയ്തത് ഇത്തരം കേസുകളിൽ തെളിവ് നൽകുവാൻ ആരും മുന്നോട്ട് വരാത്ത സാഹചര്യം ഉണ്ടാക്കുമെന്ന വസ്തുത പരിഗണിച്ച് പ്രസ്തുത കേസ് അടിയന്തിരമായി പിൻവലിക്കുന്നതിന് നിർദ്ദേശം നൽകുമോ?

(എ), (ബി), (സി) & (ഡി) ശ്രീ.സതീശനെ 04/06/2018 തീയതി അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതാണ്. തിയേറ്റർ ഉടമയായ ശ്രീ.സതീശനെതിരെ പ്രത്യേകം കേസ്സ് രജിസ്റ്റർ ചെയ്തിട്ടില്ല. ബാലിക പീഢനത്തിരയായ സംഭവുമായി ബന്ധപ്പെട്ട ചങ്ങരംകുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 103/2018 ആയി രജിസ്റ്റർ ചെയ്ത കേസ്സിന്റെ തുടരന്വേഷണം നടത്തിവരവേ, സെക്ഷൻ 19(1) r/w 21 of POCSO Act പ്രകാരം ആണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്. അത് തുടർന്നു വരുന്നു.

സെക്ഷൻ ഓഫീസർ